(സി) 20-4-2009 തീയതിയിലാണ് കെട്ടിട നമ്പർ പഞ്ചായത്ത് നൽകിയത്.

(ഡി) 6-5-2009 തീയതിയിലാണ് റസ്റ്റോറന്റ് ആരംഭിക്കാനുള്ള ലൈസൻസ് ഗ്രാമപഞ്ചായത്ത് നൽകിയത്.

അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാൻ നടപടി

131 (4754) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല നഗരസഭ ബി.പി. 11588/08 തീയതി 31-10-2008 പ്രകാരം 1994-ലെ കേരള മുനിസിപ്പൽ ആക്ട് 406(1) പ്രകാരം ശ്രീമതി ഉമാദേവിയമ്മ, അമ്പലത്തിങ്കൽ, തിരുവല്ല എന്നയാൾക്ക് എതിരെ തൊട്ടടുത്ത സ്ഥലക്കാരിയായ ലിറ്റി വർഗ്ഗീസ്, നാരകക്കുഴ പനങ്ങോട്, പെരിങ്ങമ്മല പാലോട് തിരുവനന്തപുരം എന്ന സ്ത്രീയുടെ പരാതിയുടെ അടിസ്ഥനത്തിൽ ഇവരുടെ സ്ഥലത്തിന്റെ മതിലിൽ ചേർത്തും പൊതു ടാർ റോഡിന്റെ സൈഡിൽ ചേർത്തും ഉമാദേവിയമ്മയുടെ വീടിന്റെ ഒന്നാം നിലയിലേക്ക് പൊതു റോഡിൽ നിന്നും കയറുവാൻ അനധികൃതമായി സിമന്റ് സ്ലാബ് വാർത്തിട്ട് വഴി ഉണ്ടാക്കിയതിന് അനധികൃതമായി നിർമ്മിച്ച ഇത് പൊളിച്ചു മാറ്റുവാൻ നഗരസഭ നോട്ടീസ് നൽകിയിട്ട് ഇരുപത് മാസങ്ങൾ കഴിഞ്ഞിട്ടും ഇവർ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റാതെ ഇരിക്കുന്നതിന് എതിരെ മുനിസിപ്പാലിറ്റി നടപടി സ്വീകരിക്കാത്തത് എന്ത് മാനദണ്ഡം വച്ചാണെന്ന് വിശദമാക്കാമോ ; ഇത് അടിയന്തരമായി പൊളിച്ചുമാറ്റാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ബി) അനധികൃത നിർമ്മാണം പൊളിച്ചുമാറ്റാൻ മുൻസിപ്പാലിറ്റി നോട്ടീസ് നൽകിയിട്ട് 20 മാസം കഴിഞ്ഞിട്ടും കയ്യേറ്റക്കാരിയായ ഉമാദേവിയമ്മ ഓരോ കാരണങ്ങൾ പറഞ്ഞ് ഈ വിഷയത്തിൽനിന്നും ഒഴിഞ്ഞുമാറുന്നതിൽ വച്ച് പരാതിക്കാരിയായ ലിറ്റി വർഗ്ഗീസിന്റെ ശരിയായ പരാതിക്ക് പരിഹാരം കാണാതെ പോകുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കാക്കി ഇവിടെ നീതി നടപ്പാക്കാൻ സർക്കാർ ഉടൻ നടപടി സ്വീകരിക്കുമോ ; ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രീമതി ഉമാദേവിയമ്മ, അമ്പലത്തിങ്കൽ, തിരുവല്ല എന്നയാൾ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന സിമന്റ് സ്ലാബ് പൊളിച്ചുമാറ്റുന്നതിന് തിരുവല്ല നഗരസഭാ സെക്രട്ടറി നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ അതിർത്തി തർക്കം പരിഹരിക്കുന്നതിന്, താലൂക്ക് സർവ്വെയറെക്കൊണ്ട് അതിർത്തി അളന്ന് തിട്ടപ്പെടുത്തി സ്കെച്ച്, ഹാജരാക്കാമെന്ന് കക്ഷി അറിയിച്ചിട്ടുള്ളതായും അതുവരെ തുടർന്നുള്ള പണികൾ നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ ടിയാൾ ക്യാൻസർ രോഗത്തിന്റെ ചികിൽസയിലാണെന്നും അസുഖം ഭേദമാകുന്ന മുറയ്ക്ക്, അത് എത്രയും പെട്ടെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും ടിയാൾക്ക് ഒരു നോട്ടീസ്കൂടി കൊടുക്കുന്നതിനുള്ള നടപടി തിരുവല്ല നഗരസഭ സെക്രട്ടറി സ്വീകരിച്ചുവരുന്നു.

(ബി) അതിർത്തി തർക്കം നിലനിൽക്കുന്നതിനാലാണ് നഗരസഭയ്ക്ക് നടപടി സ്വീകരിക്കാൻ കഴിയാതെ വന്നത്. അതിർത്തി നിർണ്ണയിച്ച് സ്കെച്ച്, ഹാജരാക്കുന്നതിന് കക്ഷി, കാലതാമസം വരുത്തിയതിനാൽ ടി സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് സ്കെച്ച് നൽകുന്നതിന് താലൂക്ക് സർവ്വേയർക്ക് നഗരസഭയിൽനിന്നും നേരിട്ട് കത്ത് നൽകുന്നതും, ആയത് ലഭിച്ചാലുടൻ തന്നെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

സെറിഫെഡ് ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് മാറ്റി നിയമനം നൽകുവാൻ നടപടി

132 (4755) ശ്രീ. തോമസ് ഉണ്ണിയാടൻ :
പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെറിഫെഡ് ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് മാറ്റി നിയമനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പി. എസ്. സി യുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(സി) ഏതു തസ്തികയിലേക്കാണ് ഇത്തരം ജീവനക്കാരെ മാറ്റി നിയമിക്കുകയെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര ജീവനക്കാരെയാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലേക്ക് മാറ്റുന്നത് ;

(ഇ) ഇതു സംബന്ധിച്ചുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സെറിഫെഡ് ജീവനക്കാരെ സർക്കാർ സർവ്വീസിൽ നിയമിക്കുന്നതിന് പി.എസ്.സി.യുടെ അനുമതി ആരാഞ്ഞിട്ടുണ്ട്.

(സി) സെറിഫെഡിലെ അസിസ്റ്റന്റ് സെറിക്കൾച്ചർ ഓഫീസർമാരുടേയും ഡ്രൈവർമാരുടെയും തസ്തികകൾ ഗ്രാമവികസന വകുപ്പിൽ സൂപ്പർ ന്യൂമററിയായും ഫീൽഡ് അസിസ്റ്റന്റിനെ പഞ്ചായത്ത് വകുപ്പിൽ എൽ.ഡി ക്ലർക്കായും, ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, മെക്കാനിക്, പ്യൂൺ/ഹെൽപ്പർ, പാർട്ട് ടൈം സ്വീപ്പർ എന്നിവരെ അതാത് തസ്തികകളിൽ പഞ്ചായത്തു വകുപ്പിൽ സ്ഥിരമായും/ സൂപ്പർ ന്യൂമററിയായും അഡീഷൻ ടു കേഡർ തസ്തികകൾ സൃഷ്ടിച്ചാണ് നിയമിക്കുക.

LIBRARY ARCHIVES Kerala Legislative Assembly